# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.3203 10.12.2018 -ൽ മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ നിലവാരം

**ചോദ്യം** **ഉത്തരം**

**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീ.ജി.എസ്.ജയലാൽ**
**ശ്രീ.കെ. രാജൻ**
**ശ്രീമതി സി.കെ. ആശ**

പ്രൊഫ: സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ;

എ) ഒന്നുമുതൽ ഏഴുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാശേഷി വർദ്ധിപ്പിക്കുന്നതു ലക്ഷ്യമിട്ട് 'സമഗ്ര ശിക്ഷ ' ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് ' ഹലോ ഇംഗ്ലീഷ്' 2017-18 വർഷം മുതൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വേനലവധിക്കാലത്ത് 8 ദിവസത്തെ പരിശീലനമാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് നൽകിയത്. കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ ഉണർത്തുന്ന തരത്തിലുള്ള തിയെറ്റർ ഗെയിംസ്, ചിത്രരചന, മോഡലിംഗ്, ഒറിഗാമി, ഭാഷാശേഷികൾ, നാടകവൽക്കരണം തുടങ്ങി വൈവിധ്യമാർന്ന ഒട്ടേറെ പ്രവർത്തനങ്ങളിലൂടെയാണ് 'ഹലോ ഇംഗ്ലീഷ്' പഠനം ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന് അദ്ധ്യാപകരെ സഹായിക്കാൻ 'ടീച്ചേഴ്സ് ജേർണൽ' എന്ന പേരിൽ പ്രവർത്തന പുസ്തകം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്.

ബി) പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികളെ ഇംഗ്ലീഷ് ഭാഷാ പഠിപ്പിക്കാൻ സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ടോ;

സി) സോഫ്റ്റ് വെയറിന്റെ ഉള്ളടക്കം സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ;

ഡി) ഇംഗ്ലീഷ് വാക്കുകളുടെ ഉച്ചാരണം പഠിപ്പിക്കുന്നതിന് പ്രസ്തുത സോഫ്റ്റ് വെയറിൽ സംവിധാനമുണ്ടോ ?

ബി) സി) &ഡി) സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ ഏജൻസികളുടെ സഹായത്തോടെ ഇംഗ്ലീഷ് ഭാഷാ നൈപുണ്യം ഉണ്ടാക്കാനാവശ്യമായ സോഫ്റ്റ് വെയർ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ